# ജനകീയ ആസൂത്രണം 2019- 20
# തിരുവനന്തപുരം കോർപ്പറേഷൻ
# ഭിന്നശേഷിക്കാരായ പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകുന്ന പദ്ധതി
# അപേക്ഷാഫാറം

ഫോട്ടോ

- അപേക്ഷകന്റെ / വിദ്യാർത്ഥിയുടെ പേര് :
- ലിംഗം : സ്ത്രീ / പുരുഷൻ
- ജനനത്തീയതി, വയസ്സ് :
- പിതാവിന്റെ പേര് :
- മാതാവിന്റെ പേര് :
- പഠിക്കുന്ന ക്ലാസ്സും, സ്ഥാപനത്തിന്റെ പേരും :
- വിഭാഗം : ജനറൽ / ഒ.ബി.സി/ എസ്.സി/ എസ്.റ്റി/
  മറ്റുള്ളവ (specify) ....................................
- കോർപ്പറേഷനിൽ താമസിക്കുന്ന
  വാർഡു നമ്പരും പേരും :
- സ്ഥിരമായ മേൽവിലാസവും ഫോൺനമ്പറും :
- കുട്ടി മാതാപിതാക്കൾക്കൊപ്പമല്ല
  താമസിക്കുന്നതെങ്കിൽ ഇപ്പോൾ താമസിക്കുന്ന
  സ്ഥാപനത്തിന്റെ പേരും വിലാസവും ഫോൺ നമ്പറും:
- ഇ - മെയിൽ ഐ.ഡി (ഉണ്ടെങ്കിൽ മാത്രം) :
- എ.പി.എൽ / ബി.പി.എൽ എന്ന് വ്യക്തമാക്കുക:
- ഭിന്നശേഷിയുടെ തരവും ശതമാനവും
  (കാഴ്ച വൈകല്യം ; ബധിരത, കേൾവിക്കുറവ്
  ഡൗൺ സിൻഡ്രോം അടക്കമുള്ള ബുദ്ധിപരമായ
  വൈകല്യം; ഓട്ടിസം സ്പെക്ട്രം ഡിസോഡർ;
  സെറിബ്രൽ പാൾസി എന്നിവയിലേതെങ്കിലും
  വൈകല്യമുള്ളവർക്ക് അപേക്ഷിക്കാം) :

- പ്രതിഭയുള്ള മേഖല
  (സംഗീതം, വാദ്യോപകരണ സംഗീതം, നൃത്തം,
  അഭിനയം, ചിത്രകല എന്നീ മേഖലകളിൽ
  പ്രതിഭയുള്ളവരാണ് അപേക്ഷ നൽകേണ്ടത്) :

- കലാരംഗത്ത് അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടോ,
  ഉണ്ടെങ്കിൽ വ്യക്തമാക്കുക :

**അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട രേഖകൾ**

- ■ ഭിന്നശേഷി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്
- ■ തിരിച്ചറിയൽ രേഖയുടെ പകർപ്പ്.
- ■ വിലാസം സംബന്ധിച്ച രേഖയുടെ പകർപ്പ് (റേഷൻകാർഡ്/ആധാർ കാർഡ്/ഇലക്ഷൻ ഐ.ഡി കാർഡ്/വാർഡ് കൗൺസിലറുടെ കത്ത്.
- ■ കലാമേഖലയിൽ കഴിവ് തെളിയിച്ചത് സംബന്ധിച്ച സർട്ടിഫിക്കറ്റുകളോ രേഖകളോ ഉണ്ടെങ്കിൽ അവയുടെ പകർപ്പ്.

**രക്ഷകർത്താവിന്റെ ഒപ്പ്**

**<u>സർട്ടിഫിക്കറ്റ്</u>**

....................................... സ്കൂളിലെ ............................................ ക്ലാസ്സ് വിദ്യാർത്ഥി/ വിദ്യാർത്ഥിനിയാണെന്നും .................................... മേഖലയിൽ പ്രത്യേക കഴിവുള്ള കുട്ടിയാണെന്നും, .......................................... ഭിന്നശേഷി വിഭാഗത്തിൽ ............................. % ഭിന്നശേഷിയുള്ള കുട്ടിയാണെന്നും, തിരുവനന്തപുരം കോർപ്പറേഷൻ ........................... വാർഡിൽ താമസിക്കുന്ന കുട്ടിയാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

**സ്ഥാപന മേധാവിയുടെ ഒപ്പ്, പേര്, പദവി**

**NB**: സർട്ടിഫിക്കറ്റ് സ്കൂളിൽ പഠിക്കുന്നവർക്കും മറ്റു സ്ഥാപനങ്ങളിൽ താമസിക്കുന്നവർക്കും മാത്രം ബാധകം.

# ഭിന്നശേഷിക്കാരായ പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകുന്ന പദ്ധതി

## മാർഗ്ഗനിർദ്ദേശങ്ങൾ

തിരുവനന്തപുരം നഗരസഭയുടെ 2019 – 20 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കലാഭിരുചിയുള്ള ഭിന്നശേഷിക്കാർക്കായി ഒരു പരിശീലന പരിപാടി നടപ്പാക്കുന്നു. മാജിക് അക്കാദമിയുടേയും കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റേയും (KSSM) സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. സംഗീതം, നൃത്തം, അഭിനയം, ചിത്രകല, വാദ്യോപകരണ സംഗീതം എന്നിവയിൽ പ്രതിഭയുള്ള, നഗരസഭാ പരിധിയിലുള്ള 50 ഭിന്നശേഷിക്കാരെ തെരഞ്ഞെടുത്ത് മാജിക് പ്ലാനറ്റിലെ ഡിഫറന്റ് ആർട്ട് സെന്ററുകളിൽവെച്ച് മാജിക്കുമായി സംയോജിപ്പിച്ചുകൊണ്ടുള്ള വിദഗ്ധ പരിശീലനം നൽകുകയും പ്രസ്തുത കഴിവുകൾ പ്രകടിപ്പിക്കുന്നതിനുമുള്ള അവസരമൊരുക്കുകയും ചെയ്യുക എന്നതാണ് ആദ്യഘട്ടപദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. കലാപ്രകടനം വിലയിരുത്തിയുള്ള സ്ക്രീനിംഗിലൂടെയായിരിക്കും അപേക്ഷകരിൽ നിന്നും അർഹരായവരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കുക.

### അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

- അപേക്ഷകർ തിരുവനന്തപുരം നഗരസഭാ പരിധിയിൽ സ്ഥിരതാമസക്കാരായിരിക്കണം.
- 14 വയസ്സിനു മുകളിൽ പ്രായമുള്ളവരായിരിക്കണം.
- താഴെപ്പറയുന്ന അംഗപരിമിതികളിൽ ഏതെങ്കിലുമുള്ളവരായിരിക്കണം അപേക്ഷകർ.

    1. കാഴ്ചവൈകല്യം
    2. ബധിരത / കേൾവിക്കുറവ്
    3. ബുദ്ധിപരമായ വെല്ലുവിളികൾ / ഡൗൺ സിൻഡ്രം
    4. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ
    5. സെറിബ്രൽ പാൾസി

- സംഗീതം, നൃത്തം, അഭിനയം, ചിത്രകല, വാദ്യോപകരണ സംഗീതം എന്നീ മേഖലകളിലേതിലെങ്കിലും പ്രാഗത്ഭ്യം തെളിയിച്ചവരായിരിക്കണം അപേക്ഷകർ.
- നിശ്ചിത ഫാറത്തിൽ താഴെപ്പറയുന്ന രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

    1. ഭിന്നശേഷിയുടെ തരവും ശതമാനവും വ്യക്തമാക്കുന്ന അംഗപരിമിതി സർട്ടിഫിക്കറ്റിന്റെ പകർപ്പ്
    2. തിരിച്ചറിയൽ രേഖയുടെ പകർപ്പ്

3. കോർപ്പറേഷൻ പരിധിയിലാണ് താമസിക്കുന്നതെന്ന് തെളിയിക്കാൻ വിലാസം സംബന്ധിച്ച രേഖയുടെ പകർപ്പ് (റേഷൻ കാർഡ്/ആധാർ കാർഡ്/ഇലക്ഷൻ ഐഡി കാർഡ്/വാർഡ് കൗൺസിലറുടെ കത്ത്).
4. കലാമേഖലയിൽ കഴിവ് തെളിയിച്ചത് സംബന്ധിച്ച സർട്ടിഫിക്കറ്റുകളോ/ രേഖകളോ ഉണ്ടെങ്കിൽ അവയുടെ പകർപ്പ്.

അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന രേഖകളുടെ ഒറിജിനൽ സ്ക്രീനിംഗിൽ പങ്കെടുക്കാനെത്തുമ്പോൾ കൊണ്ടുവരേണ്ടതാണ്.

അപേക്ഷ ഫാറം, www.corporationoftrivandrum.in , www.magicacademyindia.com, www.keralasocialsecuritymission.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. അപേക്ഷകൾ **2019 ആഗസ്റ്റ് 20– ാം തീയതി 4 PM** ന് മുൻപായി തിരുവനന്തപുരം നഗരസഭയുടെ **ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഓഫീസിൽ** സമർപ്പിക്കേണ്ടതാണ്.

അപൂർണ്ണമായതും തെറ്റായ വിവരങ്ങൾ അടങ്ങിയതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. വിശദാംശങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ – **9072666003.** സ്ക്രീനിംഗുമായി ബന്ധപ്പെട്ട വിവരങ്ങൾ അപേക്ഷകൾ പരിശോധിച്ചശേഷം അറിയിക്കുന്നതായിരിക്കും.